**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

B.Ed Special Education(Learning Disability) പ്രോഗ്രാം -പാർട്ട് III വിഷയങ്ങൾക്ക് നേടിയിട്ടുള്ള 50% മാർക്ക് പ്രവേശന യോഗ്യതയായി പരിഗണിക്കുന്നതിനുള്ള തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 5 സെക്ഷൻ**

നമ്പർ. 5783/AC A 5/2020/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 07.12.2020

---

*പരാമർശം:*-1. B.Ed Special Education(Learning Disability) അഡ്മിഷനുമായി ബന്ധപ്പെട്ട് Sri. Subeesh Gopസമർപ്പിച്ച അപേക്ഷ, തിയതി:17/11/2020.

2 .Dean, Faculty of Behavioural Sciences സമർപ്പിച്ച വിദഗ്ധാഭിപ്രായം, തിയതി: 17/11/2020 .

**<u>ഉത്തരവ്</u>**

B.Ed Special Education(Learning Disability) പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയായി പാർട്ട് III വിഷയങ്ങൾക്ക് നേടിയിട്ടുള്ള 50% മാർക്ക് പരിഗണിക്കണമെന്നു ആവശ്യപ്പെട്ട് Sri .Subeesh Gopi പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയത്തിൽ Dean, Faculty of Behavioural Sciences -ന്റെ അഭിപ്രായം തേടുകയും പരാമർശം (2) പ്രകാരം ഇപ്രകാരം അഭിപ്രായം നൽകുകയും ചെയ്തു "B.Ed Special Education (Learning Disability) പ്രോഗ്രാമിന്റെ പ്രവേശന യോഗ്യത റെഗുലേഷൻസ് പ്രകാരം 50% മാർക്കിൽ കുറയാതെയുള്ള ബിരുദമാണ്. പ്രസ്തുത പ്രോഗ്രാമിന് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ നിശ്ചയിച്ചിട്ടുള്ള ചുരുങ്ങിയ യോഗ്യതയും ഇത് തന്നെയാണ്. എന്നാൽ 50% മാർക്ക് എന്നത് വിദ്യാർഥിക്കു ലഭിച്ച ആകെ മാർക്ക് ആണോ, പാർട്ട് III -ക്ക് ലഭിച്ച മാർക്ക് ആണോ എന്നത് എവിടെയും വ്യക്തമാക്കിയിട്ടില്ല. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആകെ 50% എന്ന് പ്രത്യേകം പറഞ്ഞിട്ടില്ലാത്തതിനാൽ പാർട്ട് III - ക്ക് ലഭിച്ച മാർക്ക് 50% ഉണ്ടെങ്കിൽ അത് ചുരുങ്ങിയ യോഗ്യതയായി കണക്കിലെടുത്തു അപേക്ഷകന്റെ B.Ed Special Education(Learning Disability) പ്രോഗ്രാമിനുള്ള അപേക്ഷ പരിഗണിക്കാവുന്നതതാണ്".

Dean, Faculty of Behavioural Sciences നൽകിയ പ്രസ്തുത വിദഗ്ധാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പാർട്ട് III വിഷയങ്ങൾക്ക് വിദ്യാർത്ഥി നേടിയിട്ടുള്ള 50% മാർക്ക് B.Ed Special Education (Learning Disability) പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയായി പരിഗണിക്കുവാൻ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985, അധ്യായം 3, ഖണ്ഡം 10 (17) പ്രകാരം വൈസ് ചാൻസലർ തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #3 of File 62564/AC A5-3/2020/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 07-Dec-2020 10:55 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

പകർപ്പ്

1.Subeesh Gopi

2.വൈസ് ചാൻസലർ /പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പി എസ്

3.രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി എ

4.ജെ ആർ II (അഡ്മിൻ )/ഡി ആർ II (അക്കാദമിക് )/എ ആർ III(അക്കാദമിക് )

5. എ സി ബി 6/എ സി സി 2

6.സി എം എസ് /IQAC

Draft #3 of File 62564/AC A5-3/2020/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 07-Dec-2020 10:55 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം